ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭൂരഹിതരായ 52571 പട്ടികജാതി കുടുംബങ്ങളും 14230 ആദിവാസി കുടുംബങ്ങളും ഭവനരഹിതരായ 20755 പട്ടികജാതി കുടുംബങ്ങളും 24892 ആദിവാസി കുടുംബങ്ങളും ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ചുള്ള ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (കില) യാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് നേരിട്ട് പത്ര മാധ്യമങ്ങളിലൂടെ പരസ്യം നൽകി ലഭ്യമായിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഭൂരഹിത/ ഭവനരഹിതരായ പട്ടികജാതിക്കാരുടെ കണക്കുകൾ ശേഖരിച്ചത്.

പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും

121 (4177) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതികൾ പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(സി) ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി എത്ര പേർക്ക് എന്ത് തുക വീതം വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) വീട് നിർമ്മിച്ചു കൈമാറുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്രപേർക്ക് വീട് നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് വീട് വയ്ക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനായി ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 75,000 രൂപയും മുനിസിപ്പാലിറ്റി /കോർപ്പറേഷൻ പ്രദേശത്ത് ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 90,000 രൂപയും ഒരു ലക്ഷം രൂപയും ഇപ്പോൾ അനുവദിച്ചുവരുന്നു. കൂടാതെ പട്ടികജാതിയിൽ ദുർബ്ബല വിഭാഗത്തിൽപ്പെട്ട (വേടൻ, വേട്ടുവൻ, നായാടി, അരുന്ധതിയാർ/ചക്ലിയൻ) വിഭാഗക്കാർക്ക് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 1.25 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി അനുവദിക്കുകയും വീടുൾപ്പെടെ മറ്റ് അടിസ്ഥാന വികസന പദ്ധതികളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന 2006-07 വർഷം 228 പേർക്കും 2007-08 വർഷം 270 പേർക്കും 2008-09 വർഷം 126 പേർക്കും 2009-2010 വർഷം 551 പേർക്കും ആകെ 1175 പേർക്ക് പാലക്കാട് ജില്ലയിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, ദുർബല വിഭാഗത്തിൽപ്പെട്ട വേടൻ, വേട്ടുവൻ, നായാടി എന്നിവരുടെ പുനരധിവാസ പദ്ധതിപ്രകാരം ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 2006-07 വർഷം 19 പേർക്കും 2007-08 വർഷം 6 പേർക്കും 2008-09 വർഷം 6 പേർക്കും 2009-10 വർഷം 9 പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് റവന്യൂ വകുപ്പ് മുഖേന 120 കുടുംബങ്ങൾക്ക് 8.4 ഏക്കറിന് പട്ടയവും, വനാവകാശ നിയമപ്രകാരം 568 കുടുംബങ്ങൾക്ക് 986.1475 ഏക്കർ ഭൂമിക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന സംസ്ഥാനത്ത് ഭൂമിയും വീടും അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണവും ചെലവും ചുവടെ ചേർക്കുന്നു :

	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1. ഭൂമി	20832	13659.67
2. വീട്	51311	22826.47
3. ദുർബ്ബല വിഭാഗക്കാരുടെ ഭൂമിയും വീടും	551	659.93

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 5186 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 4719.69 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗക്കാർക്ക് 2006-07 വർഷം സംസ്ഥാന നിർമ്മിതി കേന്ദ്രം, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1812 വീടും സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 2556 വീടുകളും ചേർത്ത് ആകെ 4368 വീടുകളാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ നിർമ്മിച്ചു നൽകാത്ത സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വീട് നിർമ്മിച്ച് കൈമാറുന്ന പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly